**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.16-ന് ഉച്ചയ്ക്ക്ശേഷം 3 മണിയ്ക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ വച്ച നടന്ന യോഗ നടപടിക്കുറിപ്പ്.**

**പൊതു വിഷയങ്ങൾ**

1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകൃത മത്സ്യതൊഴിലാളികൾക്കും കുടംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് പട്ടിക വർഗ വിഭാഗത്തിന്റേതിന് തുല്യമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മത്സ്യബന്ധന വകുപ്പ് നൽകുന്ന ലിസ്റ്റിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥൻമാരെ നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: മത്സ്യബന്ധന വകുപ്പ്)

2. പദ്ധതി നിർവഹണ പുരോഗതി ഓരോ ആഴ്ചയിലെയും അവസാന പ്രവൃത്തി ദിവസം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകുന്നു.

(നടപടി: ഇൻഫർമേഷൻ കേരള മിഷൻ)

3 ഡി.പി.സി. അംഗീകാരത്തിന് മുമ്പ് കരട് പ്രോ ജക്ടുകളിൽ പരിധിയില്ലാതെ മാറ്റങ്ങൾ വരുത്തുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണെന്ന് ഐ.കെ.എം.ന് നിർദ്ദേശം നൽകുന്നു.

(നടപടി; ഇൻഫർമേഷൻ കേരള മിഷൻ)

4 07.10.2016ന് മുമ്പ് ഡി.പി.സി.കൾ വിളിച്ചുകൂട്ടി പദ്ധതികളുടെ അംഗീകാര നടപടികൾ പൂർത്തിയാക്കണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്താൽ നിർമ്മിക്കുന്ന വീടുകൾക്ക്, വീട് പൂർത്തിയാക്കി 8 വർഷം കഴിഞ്ഞാൽ അറ്റകുറ്റപ്പണികൾക്കുള്ള ആനുകൂല്യം നൽകാമെന്ന് തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

6 വളം സബ്സിഡി ഗുണഭോക്താവിന്റെ നേരിട്ടുള്ള അക്കൗണ്ടിൽ നൽകുന്നതിന് 22.06.2016-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ 3.11-നമ്പർ തീരുമാനത്തിലെ "ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ട് വഴി നല്കേണ്ടതാണ്" എന്ന വ്യവസ്ഥ ഒഴിവാക്കി തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1)വകുപ്പ്)

**3. പ്രത്യേക വിഷയങ്ങൾ**

**3.1 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്- കുട, ബാഗ്, യൂണിഫോം എന്നിവ കെ.എസ്.ഐ.ഇ മുഖേന വാങ്ങിയതിന് അനുമതി സംബന്ധിച്ച് (ഫയൽനം. 391/ഡി.എ.2/16/തസ്വഭവ)**

മാർഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത കുട, ബാഗ്, എന്നിവ വാങ്ങി നൽകിയിരിക്കുന്നത് എസ്.റ്റി. വിഭാഗം വിദ്യാർത്ഥികൾക്കായിരിക്കണമെന്ന നിബന്ധനയോടെ അനുവാദം നൽകാൻ തീരുമാനിച്ചു.

**3.2 സി-ഡിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുന്നതിന് അനുമതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് (ഫയൽനം.727779/ഡി.എ 1/2016/തസ്വഭവ)**

അപേക്ഷ നിരസിച്ചു തീരുമാനിച്ചു.

**3.3 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സെക്രട്ടറിയുടെ 12.08.2016-ലെ കത്ത് കാഴ്ച പരിമിതി നേരിടുന്നവർക്കായി ഓഡിയോ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നത് സംബന്ധിച്ച് (ഫയൽനം.156/എഫ്.എം2/16/തസ്വഭവ)**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**3.4 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ- മെഡിക്കൽ - എഞ്ചിനീയറിംഗ് സിവിൽ സർവീസ് കോച്ചിംഗ് കേന്ദ്രം - അനുമതി സംബന്ധിച്ച് . (ഫയൽനം.840904/ഡി.എ2/16/തസ്വഭവ)**

നിരസിച്ചു

**3.5 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ വാലിഡേഷൻ ക്രമീകരിച്ച പ്രോജക്ടുകൾ 2016-17-ൽ തുക നൽകി അംഗീകാരം നേടിയപ്പോൾ 2016-17-ലെ ബഡ്ജറ്റ് പ്രകാരമുള്ള തുകയിൽ നിന്ന് കുറവ് വരുന്നതുമൂലം 2016-17-ൽ അനിവാര്യമായ പുതിയ പദ്ധതികൾ ഉൾപ്പെടുത്തു ന്നതിന് സാധിക്കാതെ വരുന്നത് സംബന്ധിച്ച് (ഫയൽനം.842280/ ഡി.എ1/16/തസ്വഭവ)**

തദ്ദേശസ്വയംഭരണവകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**3.6 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2016-ലെ അപേക്ഷ കായിക പരിശീലനത്തിനുള്ള സ്പോർട്സ് കിറ്റുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് (ഫയൽനം.842262/ഡി.എ2/16/തസ്വഭവ)**

ഡി.പി.സി.യിൽ പ്രോജക്ട് സമർപ്പിക്കുന്നതിന് അനുമതി ആവശ്യമില്ല എന്ന് നിരീക്ഷിച്ചു.

**3.7 മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.08.2016-ലെ എ5-365/16-17 നമ്പർ അപേക്ഷ - ആശാൻ ഗ്രാൻറ് തുക പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച് (ഫയൽനം.844466/ഡി.എ1/16/തസ്വഭവ)**

നിലത്തെഴുത്ത് ആശാൻ ഗ്രാന്റ് പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് പ്രത്യേമായി അനുവദിക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ വെളിപ്പെടുത്തിയതിനാൽ അതനുസരിച്ച് നടപടിയെടുക്കാൻ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**3.8 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തിൽ ടി.എച്ച്. ആർ.എസ് ബ്ലോക്ക് വിഹിതത്തിൽ നീക്കിയിരിപ്പുള്ള 273596/- രൂപ 2016-17 വാർഷിക പദ്ധതിയിൽ അംഗൻവാടി പോഷകാഹാര വിതരണ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് (ഫയൽനം.850523/ഇ.പി.എ/16/തസ്വഭവ)**

അംഗീകരിച്ചു

3.9 **ആലങ്ങാട് ഗ്രാമപഞ്ചായത്ത് - വീട് മെയിന്റനൻസ് - കാലപ്പഴക്കം സംബന്ധിച്ച നിർദ്ദേശം (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

പൊതു വിഷയം തീരുമാനം 5 ബാധകമാണ്

3.10 **ആലങ്ങാട് ഗ്രാമപഞ്ചായത്ത് - ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ പച്ചക്കറി തൈ വിതരണ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നോംസ് ഉൾപ്പെടുത്തി മാർഗരേഖ പരിഷ്കരിക്കുന്നത് സംബന്ധിച്ച് (തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

നിരസിച്ചു

**3.11 വേങ്ങാട് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ പരിപാലന പരിപാടിയായ സുസ്ഥിര എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വാളണ്ടിയർ മാർക്കുള്ള വേതനം, വാഹന ചെലവ് എന്നിവ സംബന്ധിച്ച് (ഫയൽനം.602/ഡി.സി1/16/തസ്വഭവ)**

അംഗീകരിച്ചു.

**3.12 പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 27.07.2016-ലെ കുടുംബശ്രീ ഹോം നഴ്സിംഗ് പരിശീലനം, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനം സംബന്ധിച്ചുള്ള കത്ത്. (ഫയൽ നം. 22/ഡി.ബി.1/2016/തസ്വഭവ)**

അംഗീകരിച്ചു.

**3.13 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ c/1316/16 നമ്പർ 13/07/2016 തീയതിയിലെ കത്ത് (ഫയൽ നം.7851881/ഡി.ഡി.1/2016/തസ്വഭവ)**

ഓരോ വീടിനും കൊടുത്ത ആനുകൂല്യം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, ഇനി ആവശ്യമായ തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**3.14 ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ 19.09.2016-ലെ കത്ത്- അനധികൃത കെട്ടിടങ്ങൾ യു/എ നമ്പരിട്ട് നികുതി ഈടാക്കുന്നതിൽ നിലവിലുള്ള ഉത്തരവ് പ്രകാരം 100 സ്ക്വയർ മീറ്റർ വരെയുള്ളവയ്ക്കു പകരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹ കെട്ടിടങ്ങൾക്ക് ബാധകമാക്കണമെന്ന അഭ്യർത്ഥന സംബന്ധിച്ച്**

1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു/എ നം. നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്)

**3.15 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ ആവശ്യമായ ക്രമീകരണങ്ങൾക്കുള്ള അനുമതി സംബന്ധിച്ച്**

പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.16 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.08.2016-ലെ കത്ത് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 14,62,87,924 രൂപ 2016-17 വാർഷിക പദ്ധതി രേഖയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്**

പ്രത്യേക വിഷയം 3.5 തീരുമാനം ബാധകമാണ്.

(നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**3.17 ബഹു. വനം,മൃഗ സംരക്ഷണം, ക്ഷീര വികസനം വകുപ്പുമന്ത്രിയുടെ 20.09.2016-ലെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രീമിയത്തിന്റെ 50% നിലവിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കും. ശേഷിച്ച 50% പ്രീമിയം തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത ശതമാനം വഹിക്കണമെന്ന ആവശ്യം സംബന്ധിച്ച കത്ത്**

25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതിനും 25% ഗുണഭോക്താക്കൾ വഹിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

**3.18 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2016-ലെ കത്ത്- 22.06.2016-ലെ 3.11 നമ്പർ തീരുമാനം പുനഃപരിശോധിക്കാനും കൃഷിക്കാർക്ക് പദ്ധതി വിഹിതം കഴിച്ചുള്ള തുക പദ്ധതി വിഹിതമായി നൽകുന്ന തുക ബാങ്കുകൾക്ക് നേരിട്ട് നൽകുകയും ചെയ്യുന്ന നിലവിലെ രീതി പുനസ്ഥാപിക്കാനും അനുമതി സംബന്ധിച്ച്**

പൊതു വിഷയ തീരുമാനം 6 ബാധകമാണ്.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

**3.19 എടയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.09.2016-ലെ കത്ത്- എടയൂർ ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി സ്ഥാപിച്ച പ്രതീക്ഷാ ഡേകെയർ സെന്ററിലേയ്ക്ക് ജില്ലാ പഞ്ചായത്ത് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർക്ക് ദിവസവേതനം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.20 കൊടുവള്ളി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റിന്റെ 17.09.2016-ലെ ഇ.എം.എസ്. ഭവന പദ്ധതിയിൽ കൊടുവള്ളി ഗ്രാമപഞ്ചായത്ത് എടുത്ത വായ്പ തുകയുടെ പലിശയിനത്തിൽ കുടിശ്ശികയായ 4637505 രൂപ അനുവദിക്കുന്നത് സംബന്ധിച്ച കത്ത്**

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശ നൽകുന്ന കാര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പേരിൽ സർക്കാരിന് ബാധ്യതയായി വന്നിട്ടുള്ള പലിശ തുക നിർണ്ണയിച്ച് തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി-1നെ ചുമതലപ്പെടുത്തി.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.21 മലപ്പുറം നഗരസഭാ ചെയർപേഴ്സന്റെ 20.09.2016-ലെ കത്ത് - മലപ്പുറം നഗരസഭയുടെ വസ്തു നികുതി, തൊഴിൽ നികുതി, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയില്ല. എന്നീ ന്യൂനതകൾ കാരണം ലോകബാങ്ക് ധനസഹായം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. ഇപ്പോൾ പരിഹരിച്ച സാഹചര്യത്തിൽ ഗ്രാന്റ് അനുവദിക്കണമെന്ന് സംബന്ധിച്ച കത്ത്**

അർഹതാലിസ്റ്റ് പ്രസിദ്ധീകരിച്ച സ്ഥിതിക്ക് പരിഗണിക്കേണ്ടതില്ല.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

**3.22 മലപ്പുറം നഗരസഭാ ചെയർപേഴ്സന്റെ 20.09.2016-ലെ കത്ത് - 2013-14-ലെ പദ്ധതിയിൽ മലപ്പുറം നഗരസഭ നടപ്പാക്കിയ വിദ്യാഭ്യാസ പ്രോജക്ട് "വിദ്യാവിസ്മയം" പദ്ധതി ഏറ്റെടുത്ത നടപടിയെ സ്ഥിരികരിച്ച് ഓഡിറ്റ് തടസ്സം നീക്കുന്നതിന് അനുമതി സംബന്ധിച്ച കത്ത്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്)

**3.23 മലപ്പുറം നഗരസഭാ ചെയർപേഴ്സന്റെ 20.09.2016-ലെ കത്ത് 2013-14-ലെ പദ്ധതിയിൽ മലപ്പുറം നഗരസഭ നടപ്പാക്കിയ വിദ്യാഭ്യാസ, പ്രോജക്ട് "മുന്നേറ്റം" പദ്ധതി ഏറ്റെടുത്ത നടപടിയെ സ്ഥിരികരിച്ച് ഓഡിറ്റ് തടസ്സം നീക്കുന്നതിന് അനുമതി സംബന്ധിച്ച കത്ത്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്)

**3.24 മലപ്പുറം നഗരസഭാ ചെയർപേഴ്സന്റെ 20.09.2016-ലെ പ്രോജക്ട് നം.8/2016 "മുന്നേറ്റം" (4 ലക്ഷം രൂപ) അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രോജക്ട് പ്രോജക്ട് നമ്പർ 174/2016 (3 ലക്ഷം രൂപ ) ഫുഡ്ബാൾ കോച്ചിംഗ് പ്രോജക്ട് നമ്പർ 193/16 (1 ലക്ഷം രൂപ) എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച കത്ത്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**3.25 തിരുനാവായ ഗ്രാമപഞ്ചായത്ത് - പൈക്ക - പദ്ധതി തിരുനാവായ ഗ്രാമപഞ്ചായത്തിൽ നാവാമുകുന്ദ ഹൈസ്കൂളിന്റെയും ചേരുലാൽ ഹൈസ്കൂളിന്റെയും പ്രവൃത്തികൾക്ക് അനുവദിച്ച തുക 4,30,000 രൂപ വീതം ആകെ 860000 രൂപയാണ്. ഇതിൽ അനുവദിച്ച തുക 690000 രൂപയാണ് കുടിശ്ശികയായ തുക 170000 രൂപയ്ക്ക് പ്രോജക്ട് വച്ച് ഡി.പി.സി. അംഗീകാരം നേടിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയതായുള്ള ഡി.ഡി.പി.യുടെ റിപ്പോർട്ട് പരിഗണിച്ച് അംഗീകാരം നൽകുന്നത് സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ 2) വകുപ്പ്)

**3.26 പാറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.09.2016-ലെ കുറ്റിമൺ പട്ടികജാതി കോളനിയിൽ വാസഗൃഹങ്ങളിലേയ്ക്ക് മഴവെള്ളം നിറഞ്ഞൊഴുകുന്ന സ്ഥിതി നേരിടുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തി തോടിന് ഭിത്തി നിർമ്മിക്കുന്നതിനും കിണറുകൾ കെട്ടി ഉയർത്തി സംരക്ഷിക്കുന്നതിനും വാസസ്ഥലം കെട്ടി ഉയർത്തി സംരക്ഷിക്കുന്നതും സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്)

**3.27കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 26.09.2016 -ലെ കത്ത് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർക്ക് ഔദ്യോഗിക ആവശ്യത്തിന് ഒരു ഇന്നോവ (ഫുൾ ഓപ്ഷൻ) കാർ വാങ്ങുന്നതിന് 20 ലക്ഷം രൂപ ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച കത്ത്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.28 മങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് മങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ശുചിത്വ പ്രോജകട് ആയി പ്ലാസ്റ്റിക് നിർമ്മാർജ്ജന പരിപാടിയിൽ തൊഴിലാളികൾക്ക് ഓണറേറിയം ആയി ഒരാൾക്ക് 4800 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 345600 രൂപയും വണ്ടി വാടക 7000 രൂപ നിരക്കിൽ 84000 രൂപയുടെ ഉൾപ്പെടെ 429600 രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുവാദം സംബന്ധിച്ച കത്ത്**

അംഗീകരിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ 2) വകുപ്പ്)

**3.29 തിരുവനന്തപുരം നഗരസഭ – ബഹു. മേയറുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച 22.08.2016-ലെ കത്ത്(തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)**

**(i) മത്സ്യതൊഴിലാളികളുടെ കുട്ടികളുടെ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച്**

പൊതു വിഷയം തീരുമാനം (1) ബാധകമാണ്.

**(ii) <u>അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ</u>** : നഗരപ്രദേശങ്ങളിൽ 1 സെന്റ് ഭൂമിക്ക് 3 ലക്ഷം രൂപ നിരക്കിൽ 4 സെന്റ് ഭൂമി വാങ്ങുന്നതിന് അനുവാദം നൽകുന്നതിന് തീരുമാനിച്ചു. ഭൂമി വില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതാണ്.

**(iii)** ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു.

**(iv)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീട്ടു നൽകുന്നതിന് താഴെ പറയുന്ന വിശദീകരണം നൽകുന്നു.

കുടുംബത്തിന് ഏതൊരാളുടെയും പേരിലുള്ള വസ്തുവിൽ വീടുവയ്ക്കുന്നതിന് സഹായം നൽകാവുന്നതാണ്. അവിവാഹതരായ സ്ത്രീ സഹോദരങ്ങൾ, പുരുഷ സഹോദരങ്ങൾ എന്നിവർക്കും അച്ഛനമ്മമാർ ജീവിച്ചിരിക്കാത്ത പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സംരക്ഷകർക്ക് കുട്ടികളുടെ പേരിലും വീടിനുള്ള ധനസഹായം നൽകാവുന്നതാണ്.

**3.30 വസ്തു നികുതി കുടിശ്ശിക പിരിവ് ത്വരിതപ്പെടുത്തുന്നത് ഒറ്റത്തവണ തീർപ്പാക്കൽ പിഴപലിശ ഒഴിവാക്കുന്നത് സംബന്ധിച്ച്.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 (ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത് വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കി നൽകുന്നത് 31/12/2016 തീയതിവരെ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു

(നടപടി. തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്)

**3.31 ബഹു. കൃഷി വകുപ്പുമന്ത്രിയുടെ 26/09/2016-ലെ കത്ത്**

**<u>ജാതികൃഷിക്ക് സബ്സിഡി:</u>** സ.ഉ.(എം.എസ്)നം.4/16/തസ്വഭവ ഉത്തരവിലെ സബ്സിഡി മാർഗരേഖ ഖണ്ഡിക 3.1.1, 3.1.4 പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

ആയതിനു വേണ്ട മൈക്രോ ഹെഡ് അനുവദിച്ചു നല്കാൻ തീരുമാനിച്ചു.

(നടപടി. ഇ.ഡി, ഐ.കെ.എം)

**3.32 ഉാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിന്റെ 24.09.2016-ലെ കത്ത്**

ഐ.എ.വൈ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭിക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകുന്നതിന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**3.33 പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2016-ലെ കത്ത്- പഞ്ചായത്ത് ശ്മശാനം നവീകരിക്കുന്ന പദ്ധതിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്ന ഹർജി സംബന്ധിച്ച്**

ശ്മശാന നിർമ്മാണത്തിനു തുക സിഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് പകരം ഇ-ടെണ്ടർ മുഖേന കരാറുകാരെ തെരഞ്ഞെടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.34 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14/07/2016-ലെ പി4/277/16 നമ്പർ കത്ത്**

ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളുടെ പ്രവൃത്തികളെല്ലാം ഏറ്റെടുത്തതിനുശേഷം മെയിന്റനൻസ് ഗ്രാന്റ് ബാക്കി വരികയാണെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ളതും നിശ്ചിത മാനദണ്ഡം പുലർത്തുന്നതുമായ റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.35 എലിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/09/16-ലെ കത്ത്**

കേന്ദ്ര ധനകാര്യ കമ്മീഷൻ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ധനകാര്യ കമ്മീഷൻ തന്നെ നിശ്ചയിച്ചതിനാൽ അതിൽ മാറ്റം വരുത്താൻ കഴിയില്ല എന്ന് തീരുമാനിച്ചു.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

**3.36 മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08/08/2016-ലെ കത്ത്**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി. തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

(അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം 1**3.10.2016 ന് 3PM** ന് കൂടുവാൻ തീരുമാനിച്ചു.)

**യോഗം വൈകുന്നേരം 6 മണിക്ക് അവസാനിച്ചു**

**27.09.16-ന് കൂടിയ കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവർ**

1. ഡോ. കെ. വാസുകി (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ)
2. ശ്രീ. ജെയിംസ് വർഗ്ഗീസ് (പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്)
3. ശ്രീ. എസ്. ദിവാകരൻ പിള്ള (എസ്.പി.എ.ഒ)
4. ശ്രീ. റ്റി.പി. വിജയകുമാർ (സ്പെഷ്യൽ സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്)
5. ശ്രീ.ടി.കെ. സോമൻ (എ.എസ്. ഫിനാൻസ്)
6. ശ്രീ.അലി അസ്ഗർ പാഷ (ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)
7. ശ്രീ. വി. രതീശൻ ( ഡയറക്ടർ പഞ്ചായത്ത് വകുപ്പ്
8. ശ്രീ.വി.എസ്. സന്തോഷ് കുമാർ ( അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ)
9. ശ്രീ.സി.പി. സുരേഷ് കുമാർ ( എസ്ക്കിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)
10. ശ്രീ. കെ.പി. സാബു (ജോയിന്റ് ഡയറക്ടർ പഞ്ചായത്ത് ഡിപാർട്ട്മെന്റ്)
11. ശ്രീ. സജികുമാർ .പി.ആർ (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)
12. ശ്രീമതി. എൻ പ്രസന്ന കുമാരി (ചീഫ്, ഡി.പി.ഡി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്)
13. ശ്രീ. വി.ആർ.ദിലീപ് കുമാർ (അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
14. ശ്രീ. ശശിധരൻ പിള്ള സി. (പ്രോഗ്രാം ഓഫീസർ, ശുചിത്വ മിഷൻ)
15. ശ്രീ.രാധാകൃഷ്ണ കുറുപ്പ് (ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്)
16. ശ്രീമതി. ലിഷ മോഹൻ.എം.( എ.ഡി.സി, സി.ആർ.ഡി)
17. ശ്രീ. എ.കെ.മോഹനകുമാർ (ജോയിൻറ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
18. ശ്രീമതി. ചിത്ര.എം.എസ്(അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)